"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - 2024-25 സാമ്പത്തിക വർഷത്തെ വർക്സ് ബഡ്ജറ്റിൽ ഉൾപ്പെട്ട 'പിണറായി സ്പെഷ്യാലിറ്റി സെന്റർ വികസനം - ഭൂമി ഏറ്റെടുക്കൽ' എന്ന പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.501/2026/H&FWD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:- 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.09.2024, 20.11.2025, 25.12.2025 എന്നീ തീയതികളിലെ DHS/11298/2024-PLA2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പിണറായി സ്പെഷ്യാലിറ്റി സെന്റർ ആശുപത്രിയുടെ വികസനത്തിനായി (സ്റ്റാഫ് ക്വാർട്ടേഴ്സ്, ബ്ലഡ് ബാങ്ക്, പാർക്കിങ്ങ് എന്നിവ നിർമ്മിക്കുന്നതിന്) ആശുപത്രിക്ക് ചുറ്റുമുള്ള സ്വകാര്യ ഭൂമിയിൽ ഉൾപ്പെട്ട (പിണറായി വില്ലേജിൽ കിഴക്കും ഭാഗം ദേശത്ത് സർവ്വേ നമ്പർ 71, 8/1, 8/2B2 എന്നിവയിലായി) ആകെ 98.71 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 1.5 കോടി രൂപ 4210-02-104-95-1 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുവാൻ പരാമർശം കത്തുകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വർക്സ് ബഡ്ജറ്റിൽ 1869-ാം ക്രമ നമ്പറായി ഉൾപ്പെട്ട **'പിണറായി സ്പെഷ്യാലിറ്റി സെന്റർ വികസനം - ഭൂമി ഏറ്റെടുക്കൽ'** എന്ന പ്രവൃത്തിക്കായി കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ സർവ്വേ നമ്പർ 7/1, 8/1, 8/2 B2 എന്നിവയിലായി ഉൾപ്പെട്ട ആകെ 98.71 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി, **'4210-02-104-95-01-00-00-P-V Allopathy - Land Acquisition and Buildings'** എന്ന ശീർഷകത്തിനു കീഴിൽ **1,50,00,000/- രൂപയുടെ (ഒരു കോടി അൻപതു ലക്ഷം രൂപ മാത്രം) ഭരണാനുമതി** നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ/ ജില്ലാ കളക്ടർ, കണ്ണൂർ

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.3389331/എച്ച്.എൽ.റ്റി.-എ1/16/2026-ധന തീയതി 02.02.2026 പ്രകാരം)
ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്(ഇ2-212/2024-ഹെൽത്ത് നം. പ്രകാരം)
പൊതുമരാമത്ത് വകുപ്പ്
റവന്യൂ (ബി) വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/8/2026-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 07-02-2026 11:32:03

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.